"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ആനിക്കോട് സരിഗ പബ്ലിക് സ്കൂളിലെ (ആനിക്കോട് എയ്ഡഡ് ജൂനിയർ ബേസിക് സ്കൂൾ) അധ്യാപകരുടെ സർവീസ് ക്രമീകരിക്കുന്നത് സംബന്ധിച്ച് ശ്രീ. ഷഫീർ കെ., എൽ.പി.എസ്.എ മുതൽ പേർ സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.10216/2025/GEDN തീയതി,തിരുവനന്തപുരം, 12-12-2025

---

പരാമർശം:-

1. സ.ഉ(സാധാ)നം.1088/2025/പൊവിവ തീയതി 07/02/2025
2. ശ്രീ. ഷഫീർ കെ., എൽ.പി.എസ്.എ., സരിഗ പബ്ലിക് സ്കൂൾ (എ.ജെ.ബി സ്കൂൾ), ആനിക്കോട് സമർപ്പിച്ച 10.04.2025 തീയതിയിലെ പുന:പരിശോധന ഹർജി.
3. ശ്രീമതി. ധന്യ പി. സി., എൽ.പി.എസ്.എ., സരിഗ പബ്ലിക് സ്കൂൾ (എ.ജെ.ബി സ്കൂൾ), ആനിക്കോട് സമർപ്പിച്ച 06.03.2025 തീയതിയിലെ പുന:പരിശോധന ഹർജി.
4. ശ്രീമതി. സബ്ന പി. എസ്., എൽ.പി.എസ്.എ., സരിഗ പബ്ലിക് സ്കൂൾ (എ.ജെ.ബി സ്കൂൾ), ആനിക്കോട് സമർപ്പിച്ച 06.03.2025 തീയതിയിലെ പുന:പരിശോധന ഹർജി.
5. ശ്രീ. പ്രസാദ് കെ. എസ്., എൽ.പി.എസ്.എ., സരിഗ പബ്ലിക് സ്കൂൾ (എ.ജെ.ബി സ്കൂൾ), ആനിക്കോട് സമർപ്പിച്ച 06.03.2025 തീയതിയിലെ പുന:പരിശോധന ഹർജി.
6. ശ്രീ. ധിനി എം., എൽ.പി.എസ്.എ., സരിഗ പബ്ലിക് സ്കൂൾ (എ.ജെ.ബി സ്കൂൾ), ആനിക്കോട് സമർപ്പിച്ച 06.03.2025 തീയതിയിലെ പുന:പരിശോധന ഹർജി.
7. ശ്രീ. ജോബി കെ., എൽ.പി.എസ്.എ., സരിഗ പബ്ലിക് സ്കൂൾ (എ.ജെ.ബി സ്കൂൾ), ആനിക്കോട് സമർപ്പിച്ച 06.03.2025 തീയതിയിലെ പുന:പരിശോധന ഹർജി.
8. ശ്രീമതി. സുബിത എസ്., എൽ.പി.എസ്.എ., സരിഗ പബ്ലിക് സ്കൂൾ (എ.ജെ.ബി സ്കൂൾ), ആനിക്കോട് സമർപ്പിച്ച 06.03.2025 തീയതിയിലെ പുന:പരിശോധന ഹർജി.

9. ശ്രീമതി. ദിവ്യ എം.എൻ., എൽ.പി.എസ്.എ., സരിഗ പബ്ലിക് സ്കൂൾ (എ.ജെ.ബി സ്കൂൾ), ആനിക്കോട് സമർപ്പിച്ച 06.03.2025 തീയതിയിലെ പുന:പരിശോധന ഹർജി.

10. ശ്രീമതി. രേഷ്മ കെ.എസ്., എൽ.പി.എസ്.എ., സരിഗ പബ്ലിക് സ്കൂൾ (എ.ജെ.ബി സ്കൂൾ), ആനിക്കോട് സമർപ്പിച്ച 06.03.2025 തീയതിയിലെ പുന:പരിശോധന ഹർജി.

11. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 17.07.2025 തീയതിയിലെ DGE/9537/2025-G1 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) സർക്കാർ ഉത്തരവിൽ പാലക്കാട് ജില്ലയിലെ കുഴൽ മന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് പരിധിയിലുള്ള ആനിക്കോട് സരിഗ പബ്ലിക് സ്കൂളിലെ (ആനിക്കോട് എയ്ഡഡ് ജൂനിയർ ബേസിക് സ്കൂൾ) എൽ പി എസ് ടി യായ ശ്രീമതി. ഷിനി പി. വി. യെ 2007- 08 വർഷത്തിലെ അധിക തസ്തികയിൽ 10/12/2007 മുതൽ എൽ. പി. എസ്. ടി ആയി നിയമിച്ചുവെങ്കിലും അധിക തസ്തികയിലെ നിയമനം ആയതിനാൽ 12/01/2010 തീയതിയിലെ ജി. ഒ (പി) 10/10/പൊവിവ ഉത്തരവ് പ്രകാരം മാനേജർ ബോണ്ട് സമർപ്പിക്കാത്തതിനാലാണ് അംഗീകരിക്കാതിരുന്നത് എന്നതിനാൽ 2007 - 08 വർഷം ഈ സ്കൂളിൽ അധിക തസ്തികയ്ക്ക് അർഹത ഉണ്ടോ എന്ന് പരിശോധിച്ച്, അർഹത ഉള്ള പക്ഷം ഹർജിക്കാരിയുടെ നിയമനം മറ്റു വിധത്തിൽ ക്രമ പ്രകാരം എങ്കിൽ മാനേജർ ബോണ്ട് സമർപ്പിച്ചതായി കണക്കാക്കി അംഗീകരിക്കുവാനും അപ്രകാരം അംഗീകാരം നൽകുന്ന പക്ഷം ടിയാൾ പഞ്ചായത്ത് പ്രസിഡന്റായി നിയമിതയായതു മുതൽ തിരികെ സർവീസിൽ പ്രവേശിച്ചതുവരെ ചട്ട പ്രകാരമുള്ള അവധി അനുവദിക്കുന്നതിനായി ഉചിതമാർഗ്ഗേണ അപേക്ഷ സമർപ്പിക്കുവാനും കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയും അപ്രകാരം മുൻകാല സർവീസ് അംഗീകരിക്കുന്ന പക്ഷം മാത്രമേ കെ - ടെറ്റ് ൽ നിന്നും ഇളവ് നല്കാനാകു എന്നും ബന്ധപ്പെട്ട ഉത്തരവിന്റെയും രേഖകളുടെയും പകർപ്പുകൾ സഹിതം ടി ആവശ്യത്തിനായി സർക്കാരിൽ അപേക്ഷ സമർപ്പിക്കുന്നതിനും അല്ലാത്ത പക്ഷം നിയമനാംഗീകാരം 04/06/2012 മുതൽ ആയതിനാൽ കെ. ടെറ്റ് നേടേണ്ടതുണ്ട് എന്നും ശ്രീമതി. ഷിനി പി. വി. യെ അറിയിച്ചു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2007 - 08 വർഷത്തെ അധിക തസ്തികയിൽ നിയമിതയായ ശ്രീമതി. ഷിനി പി. വി യുടെ നിയമനം അധിക തസ്തികയുടെ ലഭ്യത ഉറപ്പു വരുത്തി മറ്റു വിധത്തിൽ ക്രമ പ്രകാരം ആണ് എങ്കിൽ അംഗീകരിച്ചു നൽകുന്നതിന് അനുമതി നല്കിയിട്ടുള്ളതിനാൽ, ശ്രീമതി ഷിനി പി. വി - യുടെ 10.12.2007 മുതലുള്ള സർവ്വീസ് ക്രമവൽക്കരിക്കുന്ന പക്ഷം 2006 - 07 മുതൽ 2010 - 11 വരെ സമാന രീതിയിൽ അധിക തസ്തികയിൽ നിയമിതരായവരും എന്നാൽ നിയമന തീയതി മുതൽ നിയമനാംഗീകാരം ലഭിക്കാത്തവരുമായ പാലക്കാട് ആനിക്കോട് (എയ്ഡഡ് ജൂനിയർ ബേസിക് സ്കൂൾ) സരിഗ പബ്ലിക് സ്കൂളിലെ അദ്ധ്യാപകരായ ശ്രീമതി. ഷഫീർ. കെ മുതൽ പേർക്ക് മുകളിലായി ടിയാൾക്ക് സീനിയോറിറ്റി ലഭിക്കുകയും ആയത് ചട്ടങ്ങൾക്ക് വിരുദ്ധവും അശാസ്ത്രീയവും അംഗീകരിക്കാൻ കഴിയാത്തതുമാണെന്നും ആയതിനാൽ ഈ

വിദ്യാലയത്തിൽ ശ്രീമതി. ഷിനി. പി.വി - ക്ക് മുൻപിലായി സമാന രീതിയിൽ അധിക തസ്തികയിൽ നിയമിതരായ തങ്ങൾക്കും നിയമന തീയതി മുതൽ അംഗീകാരം ലഭിക്കുന്നതിനായി ശ്രീ. ഷഫീർ കെ., എൽ.പി.എസ്.എ., സരിഗ പബ്ലിക് സ്കൂൾ (എ.ജെ.ബി സ്കൂൾ), ആനിക്കോട് മുതൽ പേർ പരാമർശം (2) മുതൽ പരാമർശം (10) വരെ പുന:പരിശോധന ഹർജി സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. **ഹർജിക്കാരായ ശ്രീ. ഷഫീർ കെ മുതൽ പേരുടെ വാദം ഇപ്രകാരമാണ്:**

07/02/2025 തീയതിയിലെ സ.ഉ. (സാധാ) നം. 1088/2025/പൊവിവ ഉത്തരവിൽ 2007 - 08 വർഷത്തെ അധിക തസ്തികയിൽ നിയമിതയായ ശ്രീമതി. ഷിനി. പി. വി യുടെ നിയമനം അധിക തസ്തികയുടെ ലഭ്യത ഉറപ്പ് വരുത്തി മറ്റ് വിധത്തിൽ ക്രമ പ്രകാരം ആണ് എങ്കിൽ അംഗീകരിച്ച് നൽകുന്നതിന് അനുമതി നല്കിയിട്ടുള്ളതിനാൽ, ഷിനി പി. വി.യുടെ 10.12.2007 മുതലുള്ള സർവ്വീസ് ക്രമവൽക്കരിക്കുന്ന പക്ഷം 2006 - 07 മുതൽ 2010 - 11 വരെയുള്ള സമാന രീതിയിൽ അധിക തസ്തികയിൽ നിയമിതരായവരും എന്നാൽ നിയമന തീയതി മുതൽ നിയമനാംഗീകാരം ലഭിക്കാത്തവരുമായ പാലക്കാട് ആനിക്കോട് (എയ്ഡഡ് ജൂനിയർ ബേസിക് സ്കൂൾ) സരിഗ പബ്ലിക് സ്കൂളിലെ അദ്ധ്യാപകരായ ശ്രീമതി. ഷെഫീക കെ മുതൽ പേർക്ക് മുകളിലായി ടിയാൾക്ക് സീനിയോറിറ്റി ലഭിക്കുകയും ആയത് ചട്ടങ്ങൾക്ക് വിരുദ്ധവും അശാസ്ത്രീയവും അംഗീകരിക്കാൻ കഴിയാത്തതുമാണ്. ആയതിനാൽ, ഈ വിദ്യാലയത്തിൽ ഈ വിദ്യാലയത്തിൽ ശ്രീമതി. ഷിനി. പി.വി. ക്ക് മുൻപിലായി സമാനരീതിയിൽ അധിക തസ്തികയിൽ നിയമിതരായ ഞങ്ങൾക്ക് നിയമന തീയതി മുതൽ അംഗീകാരം നൽകുന്നതിനായി സമർപ്പിച്ചിട്ടുള്ള പുന: പരിശോധന ഹർജികൾ തീർപ്പാക്കി മുൻകാല സർവീസും ആനുകൂല്യങ്ങളും ലഭ്യമാക്കണമെന്ന് അപേക്ഷിക്കുന്നു.

3. **പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്:**

പാലക്കാട് ജില്ലയിലെ കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് പരിധിയിലുള്ള ആനിക്കോട് (എയ്ഡഡ് ജൂനിയർ ബേസിക് സ്കൂൾ) സരിഗ പബ്ലിക് സ്കൂളിലെ തന്നെ എൽ. പി. എസ്. ടി. യായ ശ്രീമതി. ഷിനി. പി. വി യുടെ സർവീസ് ക്രമീകരിച്ച് കൊണ്ട് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നൽകിയ പുനഃപരിശോധന ഹർജിയിന്മേൽ സർക്കാർ പുറപ്പെടുവിച്ച സ.ഉ. (സാധാ) നം. 1088/2025/GEDN തിരുവനന്തപുരം, തീയതി 07/02/2025 ഉത്തരവിൽ ശ്രീമതി. ഷിനി. പി. വി യെ 2007-08 വർഷത്തിലെ അധിക തസ്തികയിൽ 10/12/2007 മുതൽ എൽ. പി. എസ്. ടി. ആയി നിയമിച്ചുവെങ്കിലും അധിക തസ്തികയിൽ നിയമനം ആയതിനാൽ ജി.ഒ.(പി) 10/10 നമ്പർ പൊ.വി.വ തീയതി 12/01/2010 പ്രകാരം മാനേജർ ബോണ്ട് സമർപ്പിക്കാത്തതിനാലാണ് അംഗീകരിക്കാതിരുന്നത് എന്ന് കാണുന്നതിനാൽ 2007-08 വർഷം ഈ സ്കൂളിൽ അധിക തസ്തികയ്ക്ക് അർഹത ഉണ്ടോ എന്ന് പരിശോധിച്ച്, അർഹത ഉള്ള പ്രകാരം ഹർജിക്കാരിയുടെ നിയമനം മറ്റ് വിധത്തിൽ ക്രമ പ്രകാരം എങ്കിൽ മാനേജർ ബോണ്ട് സമർപ്പിച്ചതായി കണക്കാക്കി അംഗീകരിക്കുവാനും അപ്രകാരം അംഗീകാരം നൽകുന്ന പക്ഷം ടിയാൾ പഞ്ചായത്ത് പ്രസിഡൻറായി നിയമിതയായതു മുതൽ തിരികെ സർവീസ് പ്രവേശിച്ചത് വരെ ചട്ടപ്രകാരമുള്ള അവധി അനുവദിക്കുന്നതിനായി ഉചിതമാർഗ്ഗേണ അപേക്ഷ സമർപ്പിക്കുവാനും കുഴൽമന്ദം ഉപജില്ലാ

വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയും അപ്രകാരം മുൻകാല സർവീസ് അംഗീകരിക്കുന്ന പക്ഷം മാത്രമേ കെ ടെറ്റ് ൽ നിന്നും ഇളവ് നല്കാനാകൂ എന്നും ബന്ധപ്പെട്ട ഉത്തരവിന്റെയും രേഖകളുടെയും പകർപ്പുകൾ സഹിതം ടി ആവശ്യത്തിനായി സർക്കാരിൽ അപേക്ഷ സമർപ്പിക്കുവാനും അല്ലാത്ത പക്ഷം നിയമനാംഗീകാരം 04/06/2012 മുതൽ ആയതിനാൽ കെ. ടെറ്റ് നേടേണ്ടതുണ്ട് എന്നും ഹർജിക്കാരിയെ അറിയിച്ചു കൊണ്ടും പ്രസ്തുത പുനഃപരിശോധന ഹർജി തീർപ്പാക്കിയിട്ടുള്ളതാണ്.

ഈ ഉത്തരവിൽ 2007-08 വർഷത്തെ അധിക തസ്തികയിൽ നിയമിതയായ ശ്രീമതി. ഷിനി. പി. വി യുടെ നിയമനം അധിക തസ്തികയുടെ ലഭ്യത ഉറപ്പു വരുത്തി മറ്റു വിധത്തിൽ ക്രമ പ്രകാരം ആണ് എങ്കിൽ അംഗീകരിച്ചു നൽകുന്നതിന് അനുമതി നല്കിയിട്ടുള്ളതിനാൽ 2006-07 മുതൽ 2010-11 വരെയുള്ള സമാന അധിക തസ്തികയിൽ നിയമിതരായവരും എന്നാൽ നിയമന തീയതി മുതൽ നിയമനാംഗീകാരം ലഭിക്കാത്തവരുമായ താഴെ കൊടുത്തിട്ടുള്ള പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എൽ. പി. എസ്. ടി മാരും ഒരു ഫുൾടൈം അറബിക് അധ്യാപികയും അവരുടെ അധിക തസ്തികയിലെ നിയമനം നിയമന തീയതി മുതൽ തന്നെ അംഗീകരിച്ചു നൽകുന്നതിനുള്ള അപേക്ഷ ആണ് സർക്കാരിൽ സമർപ്പിച്ചിട്ടുള്ളത്.

പ്രസ്തുത അധ്യാപകരുടെ നിയമനതീയതിയും നിയമനാംഗീകാരവും സൂചിപ്പിച്ചുകൊണ്ടുള്ള പട്ടിക ഇതോടൊപ്പം ചേർക്കുന്നു.

| Sl. No. | Name of Teacher | Nature of Vacancy | Date of 1st appointment | Date of Approval |
|---|---|---|---|---|
| 1. | SHAFEER. K<br>LPSA, A.J.B. SCHOOL, ANIKODE | Additional Vacancy | 14.06.2006 | 01.06.2010 (shifted to Retirement Vacancy) |
| 2. | SABNA P.S<br>LPSA, A.J. B SCHOOL, ANIKODE | Additional Vacancy | 05.06.2006 | 01.06.2009 (Shifted to the promotion vacancy of Sri. Andrews. R. M, LPST promoted and posted as HM from 01.04.2009) |
| 3. | DHANYA. P. C<br>LPSA, A.J. B SCHOOL, ANIKODE | Additional Vacancy | 06.06.2006 | 01.06.2009 (shifted to Retirement Vacancy) |
| 4. | JOBI. K<br>LPSA, A.J. B SCHOOL, ANIKODE | Additional Vacancy | 01.06.2007 | 01.06.2011 (shifted to Retirement Vacancy) |
| 5. | DHINI. M<br>LPSA, A.J. B | Additional | 16.10.2007 | 01.06.2011 |

| | | | | |
|---|---|---|---|---|
| | SCHOOL, ANIKODE | Vacancy | | |
| 6. | DIVYA. M. N<br>LPSA, A.J. B<br>SCHOOL, ANIKODE | Additional Vacancy | 02.06.2008 | 01.06.2011 |
| 7. | SUBITHA. S<br>LPSA, A.J. B<br>SCHOOL, ANIKODE | Additional Vacancy | 14.08.2009 (2006-07 additional post) | 01.06.2011 |
| 8. | PRASAD. K. S<br>LPSA, A.J. B<br>SCHOOL, ANIKODE | Additional Vacancy | 01.06.2010 | 01.06.2011 |
| 9. | RESHMA. K. S<br>LPSA, A.J. B<br>SCHOOL, ANIKODE | Additional Vacancy | 01.06.2010 | 01.06.2011 |
| 10. | ZUNAIDA BEEGAM<br>FULL TIME ARABIC<br>TEACHER, A.J. B<br>SCHOOL, ANIKODE | Additional Vacancy | 01.06.2010 | 01.06.2011 |
| 11. | SHINI P.V.<br>LPSA, A.J. B<br>SCHOOL, ANIKODE | Additional Vacancy | 10.12.2007 | 04.06.2012 |

ക്രമ നമ്പർ ഒന്നു മുതൽ നാലു വരെ സൂചിപ്പിച്ചിട്ടുള്ള ശ്രീ. ഷഫീർ. കെ, ശ്രീമതി. സബ്ന പി. എസ്, ശ്രീമതി. ധന്യ പി. സി, ശ്രീമതി. ജോബി കെ. എന്നിവർ പട്ടികയിൽ സൂചിപ്പിച്ച പ്രകാരമുള്ള തീയതികളിൽ വിരമിക്കൽ ഒഴിവുകളിൽ മാറ്റി നിയമിക്കപ്പെട്ട് നിയമനാംഗീകാരം നേടിയവരും ക്രമ നമ്പർ അഞ്ചു മുതൽ പത്തു വരെയുള്ള ദിനി. എം, ദിവ്യ എം. എൻ, സുബിത. എസ്, പ്രസാദ്. കെ. എസ്, രേഷ്മ. കെ.എസ്, ജുനൈദ ബീഗം എന്നിവർ അധ്യാപക പാക്കേജിന്റെ ഭാഗമായി 01.06.2011 മുതൽ നിയമനാംഗീകാരം നേടിയവരുമാണ്.

പരാമർശം (1) ഉത്തരവ് പ്രകാരം 2007-08 ലെ അധിക തസ്തികയിൽ നിയമിതയായ ഈ വിദ്യാലയത്തിലെ തന്നെ LPSA ആയ ശ്രീമതി. ഷിനി. പി. വി യുടെ സർ വീസ് ക്രമവൽക്കരിക്കുന്നതിനായി സമർപ്പിച്ച പുനഃപരിശോധനാഹർജി തീർപ്പാക്കിയ ടി ഉത്തരവിൽ മാനേജർ ബോണ്ട് സമർപ്പിച്ചില്ല എങ്കിലും 2007- 08 ലെ അധിക തസ്തികയ്ക്ക് അർഹതയുണ്ടോ എന്ന് പരിശോധിച്ച് മാനേജർ ബോണ്ട് സമർപ്പിച്ചതായി കണക്കാക്കി, 10.12.2007 മുതലുള്ള ഷിനി പി. വി. യുടെ നിയമനം അംഗീകരിക്കാൻ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ, നിലവിൽ 04.06.2012 മുതൽ മാത്രമാണ് ഷിനി. പി. വി ക്ക നിയമനാംഗീകാരം നൽകിയിട്ടുള്ളത്.

മുകളിൽ നൽകിയിട്ടുള്ള പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ അധ്യാപകർക്കും

നിലനിൽക്കാനുള്ള അധിക തസ്തിക താഴെ കൊടുത്ത പ്രകാരം ഉണ്ട് .

| ക്രമ നമ്പർ | വർഷം | അധിക തസ്തിക ഏത് കാറ്റഗറിയിൽ | അനുവദിച്ച അധിക തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1 | 2006-07 | LPST | 3 |
| 2 | 2007-08 | LPST | 3 |
| 3 | 2008-09 | LPST | 2 |
| 4 | 2009-10 | 0 | 0 |
| 5 | 2010-11 | 1 LPST and 1 Full Time Arabic | 2 |

ജി. ഒ. (പി) നമ്പർ 317/2005/പൊ.വി.വ തീയതി 17.08.2005 ഉത്തരവ് പ്രകാരം 2006-07 മുതൽ നിലവിൽ വന്ന അധിക തസ്തികയിലെ നിയമന നിരോധനം 12.01.2010 ലെ ജി. ഒ(പി) നമ്പർ 10/2010/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം പൂർവകാല പ്രാബല്യത്തോടെ അംഗീകരിക്കുന്നതിനും 01.06.2010 ന്റ ശേഷം ഉണ്ടാകുന്ന ഒഴിവുകളിൽ നിയമന നിരോധന കാലയളവിൽ അധിക തസ്തികകളിൽ നിയമിക്കപ്പെട്ട അത്രയും എണ്ണം സംരക്ഷിത അധ്യാപകരെ 01.06.2010 ന്റ ശേഷമുള്ള ഒഴിവുകളിൽ നിയമിച്ച കൊള്ളാമെന്നും അതിനു ശേഷം 1:1 അനുപാതത്തിൽ (സംരക്ഷിത അധ്യാപകർ/ മാനേജർ നിയമിക്കുന്ന അധ്യാപകർ) നിയമിച്ച കൊള്ളാമെന്നു സമ്മതിച്ചുകൊണ്ടുള്ള ബോണ്ട് സമർപ്പിക്കുന്ന പക്ഷം നിയമന നിരോധന കാലയളവിലെ നിയമനം അംഗീകരിക്കുന്നതിനും 12.01.2010 ലെ ഉത്തരവിൽ അനുശാസിക്കുന്നുണ്ട്. എന്നാൽ അപ്രകാരം ഒരു ബോണ്ട് ആനിക്കോട് എയ്ഡഡ് ജൂനിയർ ബേസിക് സ്കൂൾ മാനേജർ സമർപ്പിച്ചിട്ടില്ലാത്തതാണ്.

01.10.2011 ലെ ജി. ഒ. (പി) നമ്പർ 199/2011/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയ അധ്യാപക പാക്കേജിനെ തുടർന്ന് സർക്കാർ പുറപ്പെടുവിച്ച 25.10.2011 ലെ 60930/ജെ2/2011/പൊ.വി.വ നമ്പർ സർക്കാർ വിശദീകരണത്തിൽ നിയമന നിരോധന കാലയളവിലെ നിയമനങ്ങൾ മാനേജർ ബോണ്ട് സമർപ്പിച്ചില്ല എങ്കിൽ തന്നെയും 01.06.2011 മുതൽ നിയമനം അംഗീകരിക്കാനും 01.06.2011 മുൻപുള്ള ഓരോ കേസും പ്രത്യേകം പരിഗണിച്ച പിന്നീട് തീരുമാകുന്നതാണെന്നും ഉത്തരവായിരുന്നു.

11.08.2014 ലെ ജി. ഒ. (പി) നമ്പർ 154/2011/പൊ.വി.വ നമ്പർ പ്രകാരം സർക്കാർ പുറപ്പെടുവിച്ച വിദ്യാഭ്യാസ ചട്ടങ്ങളിലെ ഭേദഗതി വിജ്ഞാപന പ്രകാരം 01.06.2011 ന്റ മുമ്പുള്ള നിയമന നിരോധന കാലയളവിലെ നിയമനങ്ങൾ പുനഃപരിശോധിക്കേണ്ടതില്ല എന്ന് തീരുമാനം ആയെങ്കിലും കേരളം ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട ഡബ്ല്യൂപി(സി) 19008/2013 ഉൾപ്പെടെയുള്ള വിവിധ റിട്ട് ഹർജികളിലെ 17/12/2015 ലെ പൊതു വിധിന്യായത്തിൽ 01/06/2011ന്റ മുൻപുള്ള നിയമനങ്ങൾ അംഗീകരിക്കേണ്ടതില്ല എന്ന സർക്കാർ തീരുമാനം റദ്ദ് ചെയ്ത് കോടതി വിധി ആയിട്ടുള്ളതാണ്. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട ഡബ്ള്യൂ.പി (സി) 4643/2012, 6039/2012, 27071/2012, 29672/2012, 29764/2012, 337/2013, 15129/2013 എന്നീ റിട്ട് ഹർജികളിലെ 18/02/2015 ലെ പൊതു വിധിന്യായ പ്രകാരം മാനേജർ ബോണ്ട് ബോധപൂർവ്വം സമർപ്പിച്ചിട്ടില്ല എങ്കിൽ

കൂടി മാനേജരുടെ ഭാഗത്തുനിന്നുള്ള പ്രസ്തുത നടപടി അധ്യാപകരുടെ നിയമനത്തെ ദോഷകരമായി ബാധിക്കാൻ പാടില്ല എന്നും മാനേജർ ബോണ്ട് സമർപ്പിച്ചതായി കണക്കാക്കി നിയമന നിരോധന കാലയളവിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിന് കോടതി ഉത്തരവായിട്ടുള്ളതാണ്. ബഹു.ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ വിധിന്യായത്തിനെതിരെ സർക്കാർ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ ഫയൽ ചെയ്തുവെങ്കിലും റിട്ട് അപ്പീൽ നമ്പർ 2290/2015 കേസിലെ 25/07/2017 ലെ വിധി ന്യായത്തിൽ സർക്കാർ ഫയൽ ചെയ്ത അപ്പീൽ തള്ളി ഡിവിഷൻ ബെഞ്ച് ഉത്തരവായിട്ടുള്ളതിനാൽ മാനേജർ ബോണ്ട് സമർപ്പിച്ചതായി പരിഗണിച്ച് ഒട്ടനവധി നിയമനങ്ങൾ സർക്കാർ തലത്തിൽ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്.

4. സർക്കാർ ഇക്കാര്യം ഹർജിക്കാരുടെ വാദങ്ങൾ, സർക്കാർ മുൻപാകെ സമർപ്പിച്ച രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പരാമർശം 1 ഉത്തരവ് പ്രകാരം ആനിക്കോട് സരിഗ പബ്ലിക് സ്കൂളിലെ (ആനിക്കോട് എയ്ഡഡ് ജൂനിയർ ബേസിക് സ്കൂൾ) എൽ.പി.എസ്. ടി യായ ശ്രീമതി. ഷിനി. പി. വി.യുടെ സർവ്വീസ് ക്രമവൽക്കരിക്കുന്ന പക്ഷം, 2006 - 07 മുതൽ 2010 - 11 വരെ സമാന രീതിയിൽ അധിക തസ്തികയിൽ നിയമിതരായവരും എന്നാൽ നിയമന തീയതി മുതൽ നിയമനാംഗീകാരം ലഭിക്കാത്തവരുമായ ടി സ്കൂളിലെ അദ്ധ്യാപകരായ ശ്രീ. ഷഫീർ കെ., ശ്രീമതി. സബ്ന പി. എസ്സ്., ശ്രീമതി. ധന്യ പി. സി., ശ്രീ. ജോബി കെ., ശ്രീമതി. ധിനി എം., ശ്രീമതി. ദിവ്യ എം. എൻ., ശ്രീമതി. സുബിത എസ്സ്., ശ്രീ. പ്രസാദ്. കെ. എസ്സ്., ശ്രീമതി. രേഷ്മ കെ.എസ്സ്. എന്നീ എൽ.പി.എസ്.ടി.മാരുടെയും ശ്രീമതി. സുനൈദാ ബീഗം അറബിക്ക് ടീച്ചറുടെയും നിയമനങ്ങൾ മറ്റ് എല്ലാ വിധത്തിലും ക്രമപ്രകാരമെങ്കിൽ, G.O.(P) No.10/2010/G.Edn തീയതി 12/01/2010 ഉത്തരവിലെ സർക്കാർ നിർദ്ദേശ പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിക്കുകയോ, മേൽ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിച്ചതായി കണക്കാക്കിയോ (Deemed provision) ഈ കേസിലെ ഹർജിക്കാരുടെ നിയമനങ്ങൾ, വ്യവസ്ഥാപിത തസ്തികകൾ ഉള്ള പക്ഷം, അവരവരുടെ നിയമന തീയതികൾ മുതൽ അംഗീകരിച്ചു നൽകുന്നതിനും സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥ ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസുകളിലെ അന്തിമ വിധിക്കു വിധേയമായി മാത്രം നടപ്പിലാക്കിയാൽ മതിയെന്നും കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്രകാരം പരാമർശം രണ്ടു മുതൽ പത്തു വരെയുള്ള പുന:പരിശോധന ഹർജികൾ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുഴൽമന്ദം, പാലക്കാട്.

മാനേജർ, എയ്ഡഡ് ജൂനിയർ ബേസിക് സ്കൂൾ, ആനിക്കോട്, പാലക്കാട്.

ശ്രീ.ഷഫീർ കെ.,എൽ.പി.എസ്.എ,എ.ജെ.ബി സ്കൂൾ,ആനിക്കോട്, പാലക്കാട്.

ശ്രീമതി.ധന്യ പി.സി,എൽ.പി.എസ്.എ,എ.ജെ.ബി സ്കൂൾ, ആനിക്കോട്, പാലക്കാട്.

ശ്രീമതി. സബ്ന പി. എസ്., എൽ.പി.എസ്.എ., എ.ജെ.ബി സ്കൂൾ, ആനിക്കോട്, പാലക്കാട്.

ശ്രീ. ജോബി കെ., എൽ.പി.എസ്.എ., എ.ജെ.ബി സ്കൂൾ, ആനിക്കോട്, പാലക്കാട്.

ശ്രീമതി. ധിനി എം., എൽ.പി.എസ്.എ., എ.ജെ.ബി സ്കൂൾ, ആനിക്കോട്, പാലക്കാട്.

ശ്രീമതി. ദിവ്യ എം.എൻ., എൽ.പി.എസ്.എ., എ.ജെ.ബി സ്കൂൾ, ആനിക്കോട്, പാലക്കാട്.

ശ്രീമതി. സുബിത. എസ്, എൽ.പി.എസ്.എ., എ.ജെ.ബി സ്കൂൾ, ആനിക്കോട്, പാലക്കാട്.

ശ്രീ. പ്രസാദ്. കെ. എസ്, എൽ.പി.എസ്.എ., എ.ജെ.ബി സ്കൂൾ, ആനിക്കോട്, പാലക്കാട്.

ശ്രീമതി. രേഷ്മ. കെ എസ്, എൽ.പി.എസ്.എ., എ.ജെ.ബി സ്കൂൾ,ആനിക്കോട്, പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ് (21/10/2025 ലെ GE-JA1/422/2025-G.EDN നമ്പർ കുറിപ്പ് പ്രകാരം).

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 12-12-2025 17:57:24

സെക്ഷൻ ഓഫീസർ